# പ്രവാചകർ മറന്നത്

(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*)

അതിനുശേഷം
അബ്രഹാമിനോടു പറഞ്ഞു:
തലമുറ പെരുകിപ്പരക്കട്ടെ —
കന്യാകുമാരിയിലെ
തിരകൾ പുണരുന്ന
നിറമണൽത്തരികൾപ്പോലെ.

ഖനിയിലെ അരിക്കലിൽ
സൂര്യപ്രകാശത്തെ
കബളിപ്പിക്കും
ഭൂഖണ്ഡങ്ങളിൽ
അവരെ
കുടിയേറ്റും.

ഒരേ മുന്തിരിക്കുലയിൽ
നിറഭേദങ്ങളുടെ ആത്മരതി
ഇരുണ്ട ചവർപ്പായും
ചുവന്ന കോപമായും
വിളർത്ത ശ്വേതമായും
മഞ്ഞമഷിത്തണ്ടായും
അസൂയയുടെ പച്ചപ്പായും
നെരിപ്പോടിൽ കരിയുന്ന
കലവറയിലെ ഭോജ്യമായും
അപകചിഹ്നം പെരുക്കും
രുധിരനിഴലായും
ഏകരസച്ചൊൽക്കാഴ്ച്ച
വാക്കിലെ കലർപ്പാക്കും.

പൊടിച്ചരച്ചു
തീർത്ഥത്തിൽ ചാലിച്ച്
ആചാര്യമദ്യത്തിൽ കലക്കി

സുരപാനപാത്രം
കാലിയാക്കിലും,
നിത്യമന്ത്രഹൃദിസ്ഥത
ഉദരം പിളർന്നു
ദേവയോനി പൂകാൻ
ജനതിക ചുറ്റുകോണി-
പ്പടവിൽപ്പതുങ്ങി
പടച്ചട്ടയിലെ നെഞ്ച്
ആത്മചൈതന്യസത്താം
സ്വത്തുവിഭജനം തേടും.

കുടിയിരുപ്പുസ്വപ്നം
യോഗാർദ്രമാക്കാൻ
റെജിസ്ട്രാഫീസ്സിൽ
കിമ്പളപുളിശ്ശേരി
കോളാമ്പിയിൽ വിളമ്പി
സർപ്പവരിയിൽ ഊഴംകാക്കും!
***********************************************